**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3092

18.06.2019- ൽ മറുപടിയ്ക്ക്

## മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് ഭൂമി

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് പാണക്കാട് ഇൻകെൽ എജ്യൂസിറ്റിയിൽ അഞ്ച് ഏക്കർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ, ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ഏറനാട് തഹസിൽദാർ, പെരിന്തൽമണ്ണ ആർ.ഡി.ഒ., റവന്യൂ വകുപ്പ്, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഉത്തരവ് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

എ) ബി) & സി) മലപ്പുറം ഗവൺമെന്റ് വനിതാ കോളേജിന് പാണക്കാട് വില്ലേജിൽ കണ്ടെത്തിയ ഭൂമി നിലവിൽ കെ.എസ്.ഐ.ഡി.സി-യുടെ കൈവശത്തിലുള്ളതാണ്. ഈ ഭൂമി സർക്കാരിലേയ്ക്ക് വിട്ടു നൽകുന്നതിനായി കെ.എസ്.ഐ.ഡി.സി അധികൃതരിൽ നിന്നും ലഭ്യമായ "ഭൂമി വിട്ടൊഴിയൽ നിയമ" പ്രകാരമുള്ള അപേക്ഷ മലപ്പുറം ജില്ലാ കളക്ടർ തുടർനടപടികൾക്കായി പെരിന്തൽമണ്ണ സബ് കളക്ടർക്ക് അയച്ചിട്ടുണ്ട്. ടി ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് നിക്ഷിപ്തമാക്കി പെരിന്തൽമണ്ണ സബ് കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ